## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1865** **05.10.2016-ൽ മറുപടിയ്ക്ക്**

### കൊറഗ കോളനികൾ

**ചോദ്യം**
ശ്രീ. എൻ .എ.നെല്ലിക്കുന്ന്

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് എത്ര കൊറഗ കോളനികളുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ; | എ) | 2008-ലെ സോഷ്യോ എക്കണോമിക് സർവ്വെ പ്രകാരം സംസ്ഥാനത്ത് കാസർഗോഡ് ജില്ലയിൽ മാത്രമാണ് കൊറഗ വിഭാഗക്കാർ ഉള്ളത്. കാസർഗോഡ് ജില്ലയിൽ 5-ലധികം കുടുംബങ്ങൾ താമസിക്കുന്ന 42 കൊറഗ കോളനികളും, 5-ൽ താഴെ കുടുംബങ്ങളുള്ള 18 കൊറഗ കോളനികളുമുണ്ട്. |
| ബി) | കൊറഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | 13-ാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭിച്ച സഹായത്തിൽ നിന്നും കൊറഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള പ്രത്യേക വികസന പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ അടിസ്ഥാന വികസന പദ്ധതികളും, ഭക്ഷ്യസുരക്ഷാ പദ്ധതി, ആരോഗ്യ സുരക്ഷ എന്നിവ നടപ്പിലാക്കിയിരുന്നു. കൂടാതെ അടിയ-പണിയ പാക്കേജിൽ കൊറഗ വിഭാഗത്തിലെ കുട്ടികൾക്ക് സ്കൂളിൽ പഠിക്കുന്നതിനായി നോട്ട് ബുക്ക്, ബാഗ്, കുട |

| | | | |
|---|---|---|---|
| | | | യൂണിഫോം, ചെരുപ്പ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. പ്രത്യേക പാക്കേജിൽ അടിസ്ഥാന വികസന പദ്ധതികളും ചെയ്തു വരുന്നു. കൂടാതെ നടപ്പു വർഷം 40 വീടുകൾ ഈ വിഭാഗത്തിനായി അനുവദിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. മേൽ പറഞ്ഞ പദ്ധതികൾ കൂടാതെ പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാ പദ്ധതികളും ടി വിഭാഗത്തിനു വേണ്ടിയും നടപ്പിലാക്കി വരുന്നു. |
| സി) | വെള്ളവും വെളിച്ചവും ഇല്ലാത്ത ഏതെങ്കിലും കൊറഗ കോളനികൾ സംസ്ഥാനത്ത് ഉണ്ടോ; എങ്കിൽ അവ ഏതാണെന്ന് വ്യക്തമാക്കുമോ; | സി) | ജില്ലയിലെ എല്ലാ കൊറഗ കോളനികളിലും വൈദ്യുതി എത്തിയിട്ടുണ്ട്.<br>അടക്കത്ത്ബൈരി, ഗൗരിമൂല, ഷിറിയ, നെല്ലിക്കാട്- കയ്യാർ എന്നീ നാല് കോളനികളിൽ കിണറുണ്ടെങ്കിലും ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. |
| ഡി) | കാസർകോട് ബദിയടുക്ക പഞ്ചായത്തിലെ പെർഡാല കൊറഗ കോളനിയിൽ വൈദ്യുതി ബിൽ തുക അടക്കാത്തതിനെ തുടർന്ന് വൈദ്യുതി വിച്ഛേദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) & എഫ്) | ബദിയടുക്ക പഞ്ചായത്തിലെ പെർഡാല കൊറഗ കോളനിയിൽ മൊത്തമായി വൈദ്യുതി വിച്ഛേദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ടി കോളനിയിൽ കാസർഗോഡ് താലൂക്ക് കൊറഗ വിവിധോദ്ദേശ സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ എം.ജി.എൽ.സി പ്രവർത്തിച്ചു വരുന്നുണ്ട്. ടി സ്ഥാപനം വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ളതാണ്. ടി കെട്ടിടത്തിൽ വൈദ്യുതി ബിൽ ഒടുക്കാത്തതിനാൽ വൈദ്യുതി വിച്ഛേദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഇ) | ഓണാഘോഷം നാടാകെ നടക്കുമ്പോൾ കൊറഗ കോളനിയിലെ സാമൂഹിക കേന്ദ്രത്തിൽ ശബ്ദവും വെളിച്ചവും ഇല്ലാത്ത ആഘോഷം നടന്ന | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | സാഹചര്യം ഉണ്ടാകാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | | |
| എഫ്) | വൈദ്യുതി ബിൽ അടക്കേണ്ടത് ആരാണ്; ആരുടെ ഭാഗത്ത് നിന്നാണ് കൃത്യ വിലോപം ഉണ്ടായത്; പട്ടികവർഗ്ഗ വകുപ്പിന് ഇത് സംബന്ധിച്ച് പരാതി ലഭിച്ചിരുന്നോ? | | |

സെക്ഷൻ ഓഫീസർ